## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1131 — 12/06/2014 ൽ മറുപടിയ്ക്ക്

# ആർ.ഇ.എൽ.ഐ.എസ്. പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ടി. എൻ. പ്രതാപൻ | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ആർ.ഇ.എൽ.ഐ.എസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. |
| (സി) | പോക്കുവരവ് നടത്തുന്നതിന് റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഓൺ ലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി ഉണ്ടാക്കിയ റെലിസ് എന്ന പദ്ധതി വഴി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽ നിന്നോ, അക്ഷയകേന്ദ്രങ്ങളിൽ നിന്നോ ലഭിക്കുന്ന 'ഭൂരേഖ'(RoR) സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രം വഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഓൺ ലൈൻ ആയി അയക്കേണ്ടതാണ്. ആധാരത്തിലെയും, ഓൺ ലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം അവശ്യം വേണ്ട വിവരങ്ങൾ ഓൺ ലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ, വില്ലേജ് ഓഫീസർക്കോ റെലിസ് പ്രോഗ്രാം വഴി ഓൺ ലൈൻ ആയി അയച്ചുകൊടുക്കുന്നതുമാണ്. |

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പീൽ കാലാവധി കഴിയുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ/തഹസിൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും, പുതിയ തണ്ടപ്പേർ, സർവ്വെ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഉണ്ട്. റീ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ റെലീസ് പദ്ധതി പ്രകാരമുള്ള ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ 141 SRO കളുമായി കോർത്തിണക്കിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന എരിമയൂർ I, എരിമയൂർ II, കിഴക്കാഞ്ചേരി I, കിഴക്കാഞ്ചേരി II, വടക്കാഞ്ചേരി I, വടക്കാഞ്ചേരി II, തരൂർ I, തരൂർ II, കണ്ണമ്പ്ര I, കണ്ണമ്പ്ര II, കാവശ്ശേരി I, കാവശ്ശേരി II, വണ്ടാഴി I, മേലാർക്കോട്, ആലത്തൂർ, പുതുക്കോട്, മംഗലം ഡാം എന്നീ 17 വില്ലേജുകളിൽ 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ